സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സർക്കാരിലെ ക്രമം പെൻഷൻ പദ്ധതി (പങ്കാളിത്ത പെൻഷൻ) 01-04-2016 മുതൽ പ്രാബല്യത്തിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച്.

---

ഉത്തരവ് നമ്പർ: **ROC 145/13/Est-I** നന്തൻകോട്, **07/3/2017**

---

പരാമർശം :- (1) G.O (P) 446/12/Fin നമ്പർ ഉത്തരവ്.
(2) 20.06.2016 ലെ മേൽ നമ്പർ ഉത്തരവ്.
(3) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 13.07.2016 ലെ DA 874/16/E നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

01-4-2013 ന് ശേഷം സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്ക് പരാമർശം (1) ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ പുതിയ പെൻഷൻ പദ്ധതി (പങ്കാളിത്ത പെൻഷൻ) നടപ്പിലാക്കി. പ്രസ്തുത സ്കീം ദേവസ്വം ബോർഡിലും നടപ്പിലാക്കുന്നത് സംബന്ധിച്ച് ദേവസ്വം കമ്മീഷണർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ തീരുമാനപ്രകാരം നാഷണൽ പെൻഷൻ പദ്ധതിയുടെ അതേ മാതൃകയിലുള്ള പങ്കാളിത്ത പെൻഷൻ പദ്ധതി തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കാരാണ്മ ജീവനക്കാർ ഒഴികെ 01-04-2016 മുതൽ സർവ്വീസിൽ പ്രവേശിച്ച എല്ലാ ജീവനക്കാർക്കും ബാധകമാക്കി നടപ്പിൽ വരുത്തുന്നതിന് തീരുമാനിച്ചും, പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് രൂപരേഖ തയ്യാറാക്കി സമർപ്പിക്കാൻ ദേവസ്വം അക്കൗണ്ട്സ് ആഫീസറെ ചുമതലപ്പെടുത്തിയും ബോർഡുത്തരവ് പുറപ്പെടുവിച്ചു. (പരാമർശം 2).

ആയത് സംബന്ധിച്ചുള്ള രൂപരേഖ ദേവസ്വം അക്കൗണ്ട്സ് ആഫീസറിൽ നിന്നും ലഭിച്ചു. (പരാമർശം 3)

ബോർഡ് ടി വിഷയം പരിശോധിച്ച് ചർച്ച ചെയ്തു. കേരള സർക്കാർ നടപ്പിലാക്കിയിട്ടുള്ള പങ്കാളിത്ത വിഹിത പെൻഷൻ സമ്പ്രദായം തിരുവിതാംകൂർ ദേവസ്വം ബോർഡിലും ചുവടെ വിവരിക്കുന്ന വ്യവസ്ഥകൾ പ്രകാരം നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

1. ദേശീയ പെൻഷൻ സമ്പ്രദായം (NPS) പ്രകാരമുള്ള പങ്കാളിത്ത വിഹിത പെൻഷൻ പദ്ധതി തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കാരാണ്മ ജീവനക്കാർ ഒഴികെയുള്ള എല്ലാ വിഭാഗം ജീവനക്കാർക്ക് പൊതുവിൽ നിർബന്ധമായും കർശനമായും 01.04.2016 തീയതി മുതൽ ബാധകമായിരിക്കും.
2. 01.04.2016 തീയതി മുതൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിയമനം ലഭിച്ചിട്ടുള്ളതും ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമായ കാരാണ്മ ഒഴികെയുള്ള ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി അടിസ്ഥാനത്തിലുള്ള ചട്ടങ്ങളും നിയമങ്ങളും ബാധകമായിരിക്കും.
3. തിരുവിതാംകൂർ ദേവസ്വം ബോർഡ് പങ്കാളിത്ത പെൻഷൻ സമ്പ്രദായം 2 ടയർ (2 Tier) അടിസ്ഥാന സമ്പ്രദായമായിരിക്കും. പങ്കാളിത്ത വിഹിതം നിർണ്ണയിക്കുമ്പോൾ ജീവനക്കാരുടെ വിഹിതം - contribution Tier നിശ്ചിതവും നിർബന്ധിതവും ആയിരിക്കും. ജീവനക്കാരുടെ ഇച്ഛാനുസൃതവും, ഐച്ഛികമായിരിക്കും ടയർ -2 വിഹിതം (contribution Tier II ).

(...2)

4. പ്രതിമാസ ശമ്പളവും ക്ഷാമബത്തയും (Basic Pay + DA) ഉൾപ്പെടുന്ന ആകെ തുകയുടെ പത്ത് ശതമാനവും (10%) തിരുവിതാംകൂർ ദേവസ്വം ബോർഡ്/ ക്ഷേത്ര ജീവനക്കാരന്റെ Tier -I ശമ്പളത്തിൽ നിന്നും പങ്കാളിത്ത പെൻഷൻ പദ്ധതി യിലേക്ക് നിർബന്ധിത പിടുത്തം വരുത്തികൊണ്ടു വേണം ഓരോ ജീവന ക്കാരനും അതതു മാസം /പ്രതിമാസ ശമ്പളം വിതരണം നടത്തേണ്ടത്.

5. ഓരോ ജീവനക്കാരന്റെയും/ജീവനക്കാരിയുടെയും ശമ്പളത്തിൽ നിന്നും പ്രതിമാസം പങ്കാളിത്ത പെൻഷൻ സമ്പ്രദായ പ്രകാരമുള്ള പദ്ധതിയിലേക്ക് പിടുത്തം വരുത്തുന്ന തുകയ്ക്ക് അനുസൃതമായ തുകയും, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വിഹിതമായ തുകയും ഉൾപ്പെടുന്ന ആകെ തുക പെൻഷൻ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാകുന്നു.

6. തിരുവിതാംകൂർ ദേവസ്വം ബോർഡ് പങ്കാളിത്ത പെൻഷൻ ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്ന ഫണ്ട് കേന്ദ്ര സർക്കാർ/പെൻഷൻ ഫണ്ട് റഗുലേറ്ററി ഡവലപ്പ്മെന്റ് അതോറിറ്റി - PFRDA നിബന്ധനകൾ അടിസ്ഥാനമാക്കികൊണ്ട് ഒരു ദേശസാൽകൃത ബാങ്കിൽ പരാമാവധി പലിശ ലഭിക്കത്തക്ക രീതിയിൽ നിക്ഷേപിക്കുന്നതായിരിക്കും.

7. ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ ഫണ്ട് സൂക്ഷിപ്പും, വിനിയോഗവും തിരുവിതാംകൂർ ദേവസ്വം ബോർഡ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതും നിയോഗിക്കുന്നതും നിയന്ത്രിക്കുന്നതുമായ പെൻഷൻ ഫണ്ട് മാനേജർ/ ആഫീസർ നിർവഹിക്കുന്നതായിരിക്കും.

8. പങ്കാളിത്ത പെൻഷൻ 2 ടയർ (2 Tier) ജീവനക്കാരുടെ ഇച്ഛാനുസരണവും, ഐശ്ചികവുമായിട്ടുള്ള പദ്ധതിക്ക് പ്രത്യേക അക്കൗണ്ട് പരിപാലിക്കുന്ന തായിരിക്കും. ഈ പദ്ധതി ജീവനക്കാരുടെ ഇച്ഛാനുസൃതം പരിപാലിക്കുന്നതും, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ യാതൊരു വിഹിതവും ഉൾകൊള്ളു ന്നതുമായിരിക്കില്ല.

9. ജീവനക്കാരൻ/ജീവനക്കാരി അടിത്തൂൺ പറ്റുന്ന മുറയ്ക്ക് (at the age of retirement) പങ്കാളിത്ത പെൻഷൻ പദ്ധതി -1 ടയർ (Tier-1) നിന്നും വിടുതലാ കുന്നു. അപ്രകാരം വിടുതലാകുന്ന സമയം ലഭിക്കാവുന്ന പെൻഷൻ തുകയുടെ 40 % (നാൽപത് ശതമാനം) പെൻഷൻ ഫണ്ടിൽ നിക്ഷേപിച്ച് annuity വാങ്ങാവു ന്നതാണ്. ഇപ്രകാരം annuity കരസ്ഥമാക്കുന്ന ജീവനക്കാരന്/ ജീവനക്കാരിക്ക്, ജീവനക്കാരന്റെ ഭാര്യ/ജീവനക്കാരിയുടെ ഭർത്താവ്, ജീവനക്കാരന്റെ/ ജീവനക്കാരിയുടെ ആശ്രിതരായിട്ടുള്ള പിതാവ്/മാതാവ് ഇവരിൽ ഒരു വ്യക്തിക്ക് ആയുഷ്കാല പെൻഷൻ ലഭിക്കുന്നതാണ്.

10. ഖണ്ഡിക ഒൻപതിൽ (9) വ്യക്തമാക്കിയിട്ടുള്ള 40 ശതമാനം (40%) പെൻഷന്റെ ബാക്കി വരുന്ന പെൻഷൻ തുക മൊത്തമായി ജീവനക്കാരൻ/ജീവനക്കാരി പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിന്ന് വിടുതലാകുന്ന മുറയ്ക്ക് രൊക്കമായി ലഭിക്കുന്നതും, ആയത് സ്വന്തം ഇഷ്ടപ്രകാരം വിനിയോഗിക്കുന്നതിന് അവകാശവുമുണ്ടായിരിക്കും.

11. അടിത്തൂൺ പറ്റുന്ന വയസിന് മുൻപ് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിന്നും സ്വമേധയ പിരിയുന്ന ജീവനക്കാരന്/ജീവനക്കാരിക്ക് അനുവിറ്റേഷൻ (annuvitation) പദ്ധതി പ്രകാരം ലഭിക്കാവുന്ന പെൻഷൻ തുകയുടെ (80%) എൺപതു ശതമാനം പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാകുന്നു.

12. തിരുവിതാംകൂർ ദേവസ്വം ബോർഡ് പങ്കാളിത്ത പെൻഷൻ പദ്ധതി - KSR – Part - III ബാധകമായിട്ടുള്ളതും, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയമന നിയന്ത്രണാധികാരപരിധിയിൽ വരുന്നതുമായ ജീവനക്കാർക്ക് ബാധകമായി രിക്കും.

13. പെൻഷൻ അക്കൗണ്ട് കൃത്യമായി പാലിക്കേണ്ടത് സംബന്ധിച്ച് വിശദമായി അക്കൗണ്ട് സൂക്ഷിപ്പ് നടപടികളും നിബന്ധനകളും ഉൾകൊള്ളുന്ന ഭേദഗതി ഇതു സംബന്ധിച്ചുള്ള നിയമാവലിയിൽ ഉൾപ്പെടുത്തി പ്രത്യേകം പ്രസിദ്ധീ കരിക്കുന്നതായിരിക്കും.

(...3)

പ്രസ്തുത പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് റൂൾ ഫ്രെയിം ചെയ്യുന്നതിന് ദേവസ്വം കമ്മീഷണർ ചെയർമാനായും, ലാ ആഫീസർ, ഫിനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ, ദേവസ്വം അക്കൗണ്ട്സ് ആഫീസർ എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനും തീരുമാനിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ – നടപടയ്ക്കായി
2. ലാ ആഫീസർ – ”
3. ഫിനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ – ”
4. ദേവസ്വം അക്കൗണ്ട്സ് ആഫീസർ – ”
5. **All Head of Offices**
6. പെൻഷൻ സെക്ഷൻ, ബോർഡ് ഓഫീസ്
7. ഇ.ഡി.പി സെക്ഷൻ
8. എല്ലാ ആഫീസ് മേധാവികൾക്കും
9. സെക്ഷൻ ഫയൽ
10. ഫയൽ ബുക്ക്
11. ഫെയർ ഓഫീസ് കോപ്പി

SK